നേതാജിനഗർ ഗവൺമെൻറ് സർവൻറ്സ് കോർട്ടേഴ്സ്

438 [628] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നേതാജിനഗർ ഗവൺമെൻറ് സർവൻറ്സ് കോർട്ടേഴ്സ് ബി. സി. ഡി. എന്നീ തരത്തിൽപ്പെട്ടവ മൊത്തം എത്രയാണുള്ളത് ;

(ബി) ഓരോ തരത്തിലും പെട്ട കോർട്ടേഴ്സുകളിൽ താമസിക്കുന്നവരുടെ കോർട്ടേഴ്സ് നമ്പർ, പേര്, ഔദ്യോഗിക വിലാസം എന്നിവ വ്യക്തമാക്കാമോ ;

(സി) ബി. സി. ഡി. എന്നീ കോർട്ടേഴ്സുകൾ ഏതെല്ലാം ഗ്രേഡിലുള്ളവർക്കാണ് നൽകിയിട്ടുള്ളത് ;

(ഡി) ഇപ്പോൾ താമസിക്കുന്നവരെല്ലാം അവരവർക്ക് എലിജിബിളായിട്ടുള്ള കോർട്ടേഴ്സിലാണോ താമസിക്കുന്നത് ;

(ഇ) കൂടുതൽ വാടക നൽകുന്നവർ കുറഞ്ഞതരം കോർട്ടേഴ്സിൽ താമസിക്കുമ്പോൾ കുറഞ്ഞ വാടക നൽകുന്നവർ കൂടിയതരം കോർട്ടേഴ്സിൽ താമസിക്കുന്നതായി ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ഈ അനാമലി ഇല്ലാതാക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ജി) നേതാജിനഗറിൽ ഇനി ഒഴിയുന്ന കോർട്ടേഴ്സെങ്കിലും അവിടെ താമസിക്കുന്നവർക്ക് എലിജിബിലിറ്റി അനുസരിച്ച് നൽകുവാൻ കളക്ടർക്ക് നിർദ്ദേശം നൽകാമോ ?

ഉത്തരം

(എ) മൊത്തം 46 കോർട്ടേഴ്സ് ഉണ്ട്. (ബി. 6, സി. 18, ഡി. 22)

(ബി) വിശദമായ വിവരണം അനുബന്ധമായി കൊടുത്തിരിക്കുന്നു. †

(സി) ബി. സി. എന്നിവ ക്ലാസ് 3 ജീവനക്കാർക്കും ഡി. കോർട്ടേഴ്സുകൾ ക്ലാസ് 4 ജീവനക്കാർക്കും ആണ് ചട്ടപ്രകാരം നൽകേണ്ടത്. എന്നാൽ ഉയർന്ന ഗ്രേഡിലുള്ള ഒരു ജീവനക്കാരൻ താഴ്ന്ന തരം കോർട്ടേഴ്സ് ആവശ്യപ്പെട്ടാൽ അനുവദിക്കുന്നതിനെ ചട്ടം തടസ്സപ്പെടുത്തുന്നില്ല.

(ഡി) അല്ല.

(ഇ) ഉണ്ട്.

(എഫ്) കുറഞ്ഞ കോർട്ടേഴ്സിൽ താമസിക്കെ കൂടിയ തരത്തിനർഹനാകുമ്പോൾ ബന്ധപ്പെട്ട ജീവനക്കാരൻ അപേക്ഷ സമർപ്പിച്ചാൽ, കോർട്ടേഴ്സ് ലഭ്യമാകുന്ന മുറയ്ക്ക് നൽകാൻ ചട്ടങ്ങളിൽതന്നെ വ്യവസ്ഥയുണ്ട്.

(ജി) ഉത്തരം (എഫ്) ൻെറ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

കുന്ദമംഗലം നിയോജകമണ്ഡലത്തിലെ റോഡുകൾ

439 [630] ശ്രീ. കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യത്തിന് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കുന്ദമംഗലം നിയോജകമണ്ഡലത്തിനോട് ബന്ധപ്പെട്ട താഴെ പറയുന്ന റോഡുകളുടെ ഇന്നത്തെ സ്ഥിതിയെന്താണ് ?

1. മാങ്കാവ് കണ്ണിപറമ്പ് റോഡ് ;

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

2. മങ്ങാശ്ശേരി, ചേന്ദമംഗലൂർ കുളിമാട്, മാവൂർ റോഡ് ;
3. ചാത്തമംഗലം ഓമശ്ശേരി റോഡ് ;
4. കുറ്റിക്കാട്ടൂർ, പെരിങ്ങളം, കുന്ദമംഗലം റോഡ് ;
5. ചെറുവറ്റക്കടവ്, മുല്ലശ്ശേരിത്താഴം, കുരുവട്ടൂർ റോഡ് ?

ഉത്തരം

1. മാങ്കാവ് കണ്ണിപറമ്പ് റോഡ്

ഒന്നും രണ്ടും ഘട്ടങ്ങളുടെ പണി പൂർത്തിയായി ; മൂന്നാം ഘട്ടത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടന്നു വരുന്നു.

2. മങ്ങാശ്ശേരി ചേന്ദമംഗലൂർ, കുളിമാട്, മാവൂർ റോഡ്

രണ്ടു കിലോമീറ്റർ ദൂരം മാത്രമേ പണി പൂർത്തിയാക്കാനുള്ളു. അതിന്റെ പണി ധൃതഗതിയിൽ നടന്നുവരുന്നു.

3. ചാത്തമംഗലം ഓമശ്ശേരി റോഡ്

7 കിലോമീറ്റർ ദൂരമുള്ള പ്രസ്തുത റോഡിന്റെ 1.4 കി.മീറ്റർ ദൂരത്തിൽ ടാറിംഗും നടത്തിക്കഴിഞ്ഞു. ബാക്കിയുള്ള ഭാഗത്തെ പണികളും പുരോഗമിച്ചുവരുന്നു.

4. കുറ്റിക്കാട്ടൂർ, പെരിങ്ങളം-കുന്ദമംഗലം റോഡ്

റോഡ് നന്നാക്കൽ പണികളും പുരോഗമിച്ചു വരുന്നു.

5. ചെറുവറ്റക്കടവ്-മുല്ലശ്ശേരിത്താഴം കുരുവട്ടൂർ റോഡ്

റോഡിനാവശ്യമായ ഭൂമി പൂർണ്ണമായും വിട്ടുകിട്ടിയിട്ടില്ല. ഭൂമി ലഭ്യമായതിനുശേഷം മാത്രമേ പണികളും തുടങ്ങാൻ കഴിയുകയുള്ളു.

കൂവപ്പൊയിൽ ത്രിവേണി റോഡ്

440 [631] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പെഷ്യൽ കംപോണന്റ് സ്കീമിൽ ഉൾപ്പെടുത്തി പ്രവർത്തനമാരംഭിച്ച കോഴിക്കോട് ജില്ലയിലെ കൂവപ്പൊയിൽ-ത്രിവേണി റോഡിന്റെ പ്രവർത്തി പൂർത്തിയായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രവർത്തി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ തയ്യാറാകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) റോഡിനാവശ്യമായ ഭൂമി ലഭിക്കാത്തതുകൊണ്ടാണ് പണി പൂർത്തിയാക്കാൻ കഴിയാതെ വന്നത്. ആവശ്യമായ ഭൂമി ലഭിച്ചു കഴിഞ്ഞാൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാത്രമേ പണി പൂർത്തിയാക്കുവാൻ സാധിക്കുകയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly